**അതീവ അടിയന്തിരം**

ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ്ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എഡി.ബി7/9304/2016/എച്ച്.എസ്.ഇ** **തീയതി : 10/11/2017**

# സർക്കുലർ

വിഷയം: ഹയർസെക്കന്ററിവിദ്യാഭ്യാസവകുപ്പ്- പ്രിൻസിപ്പൽ പ്രമോഷൻ 2017- നിയമനം ലഭിച്ച അധ്യാപകർ Hscap വഴി ജോലിയിൽ പ്രവേശിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) GO (Rt) No. 2499/2017/G.Edn dated 28/07/2017
2) 19/08/2017 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
3) 1700191/യു2/2017/പൊ.വി.വ തീയതി 26/09/2017

സൂചന (1) ഗവൺമെന്റ് ഉത്തരവ് മുഖേന പ്രിൻസിപ്പൽമാരായി സ്ഥാനക്കയറ്റം ലഭിച്ച എല്ലാ എച്ച്.എസ്.എസ്.റ്റി. മാരും, എച്ച്.എം. മാരും Hscap വഴി ജോയിൻ ചെയ്യേണ്ടതാണെന്ന് സൂചന (2) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നതാണ്. എന്നാൽ പ്രിൻസിപ്പൽമാരായി ചാർജ്ജ് എടുത്ത പല അധ്യാപകരും ഇതു വരെയും Hscap വഴി ജോയിൻ ചെയ്തിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് എച്ച്.എസ്.എസ്.റ്റി. മാരുടെ ജനറൽ ട്രാൻസ്ഫർ നടപടികളെ സാരമായി ബാധിക്കുമെന്നതിനാൽ പ്രിൻസിപ്പൽ പ്രമോഷൻ/ട്രാൻസ്ഫർ മുഖേന നിയമിതരായ എല്ലാ അധ്യാപകരും അടിയന്തിരമായി Hscap വഴി ജോയിൻ ചെയ്യേണ്ടതാണ്. Hscap വഴി ജോയിൻ ചെയ്യുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നേരിടുകയാണെങ്കിൽ അക്കാര്യം adb7.prpromotion @gmail.com എന്ന മെയിൽ ഐഡിയിലേക്ക് മെയിൽ അയച്ച് അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച സംശയനിവാരണത്തിനായി 04712325868 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ടി നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

പ്രിൻസിപ്പൽ പ്രമോഷൻ/ട്രാൻസ്ഫർ ഉത്തരവുകൾ പാലിക്കാത്ത പ്രിൻസിപ്പൽമാർക്കെതിരായി അച്ചടക്കനടപടി സ്വീകരിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ അടിയന്തിരമായി സർക്കാരിൽ ലഭ്യമാക്കുവാൻ സൂചന (3) കത്തിലൂടെ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. ഏതെങ്കിലും സ്കൂളുകളിൽ പ്രിൻസിപ്പൽ പ്രമോഷൻ/ട്രാൻസ്ഫർ ലഭിച്ച അധ്യാപകർ ഇതുവരേയ്ക്കും ജോലിയിൽ പ്രവേശിച്ചിട്ടില്ലായെങ്കിൽ പ്രസ്തുത വിവരം

പ്രിൻസിപ്പലിന്റെ അധികചുമതല വഹിക്കുന്ന എച്ച്.എസ്.എസ്.റ്റി. മേൽപ്പറഞ്ഞ മെയിൽ ഐഡിയിലേക്ക് മെയിൽ അയച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കൂടാതെ അടുത്ത പ്രിൻസിപ്പൽ പ്രമോഷൻ നൽകേണ്ടതിനാൽ നിലവിൽ പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സ്കൂളുകളുടെ എണ്ണം കണക്കാക്കുന്നതിനായി പ്രിൻസിപ്പൽ ഇൻ ചാർജ്ജ് പ്രസ്തുത വിവരം മേൽപ്പറഞ്ഞ മെയിൽ ഐഡിയിലേക്ക് മെയിൽ അയച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ അടിയന്തിരമായി പാലിക്കേണ്ടതാണ്.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

23